**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4478** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യൂ ടി. തോമസ്</td><td colspan="2">ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>രാജ്യത്തെ സുപ്രധാന തുറമുഖങ്ങളിലൊന്നായി രൂപാന്തരപ്പെട്ടുവരുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടു കൂടി ടി പ്രദേശത്ത് നിരവധി വ്യവസായങ്ങൾക്കും അനുബന്ധ വികസനങ്ങൾക്കും സാധ്യതയുണ്ട്. ടി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം വിഴിഞ്ഞത്തെയും സമീപ പ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കൂടി കഴിയും. തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാദ്ധ്യതകൾ പരിശോധിക്കുന്ന തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ബോർഡ് യോഗത്തിൽ തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാദ്ധ്യതകൾ പരിശോധിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുകയു ണ്ടായി .<br><br>താഴെ പറയുന്ന മേഖലകളിലെ സാധ്യതകൾ പരിശോധിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>• റിന്യൂവബിൾ എനർജി പാർക്ക്<br>• ഗ്രീൻ ഹൈഡ്രജൻ ഹബ്<br>• സീഫുഡ് പാർക്ക്<br>• അഗ്രികൾച്ചർ പാർക്ക്<br>• ലോജിസ്റ്റിക് & വെയർ ഹൗസിംഗ്<br>• തുറമുഖാധിഷ്ഠിത വ്യവസായ ഇടനാഴി/ ക്ലസ്റ്റർ മുതലായവ<br><br>പദ്ധതി രൂപരേഖ തയ്യാറാക്കി നടപ്പാക്കുന്നതി നായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺസൽട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം</td></tr>
</table>

| | | | |
|---|---|---|---|
| | | | കൺസൽട്ടന്റിനെ കണ്ടെത്തുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | വിഴിഞ്ഞം തുറമുഖം പൂർണ്ണതോതിൽ സജ്ജമാകുമ്പോൾ സംസ്ഥാനത്തിന് ലഭിക്കുവാൻ സാധ്യതയുള്ള വരുമാനത്തിന്റെയും തൊഴിലവസരങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാന സർക്കാരും പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പുവച്ച കൺസഷൻ കരാർ പ്രകാരം തുറമുഖം പ്രവർത്തനസജ്ജമായതിനു ശേഷം 2034 മുതൽ വരുമാന വിഹിതത്തിന്റെ 1% സംസ്ഥാനത്തിന് ലഭിച്ചു തുടങ്ങും. ഇത് വർഷാവർഷം 1% വീതം വർദ്ധിച്ച് പരമാവധി 40% ൽ എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.<br><br>തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടുണ്ടാകുന്ന തൊഴിലവസരങ്ങളിൽ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നുണ്ട്. തുറമുഖ നിർമ്മാണ പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുന്നതാണ്. തുറമുഖം യാഥാർത്ഥ്യമായതോട് കൂടി നിരവധി തുറമുഖാധിഷ്ഠിത തൊഴിൽ സാധ്യതകൾ കൂടി (Indirect Jobs) ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് ഭൂരിഭാഗവും തദ്ദേശീയർക്ക് കൂടി പ്രയോജനം ലഭിക്കുന്നതാണ്. ഉദാഹരണം ലോജിസ്റ്റിക് പാർക്കുകൾ, ഹോട്ടൽ അനുബന്ധ സേവന മേഖല, ടൂറിസം മേഖല മുതലായവയിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP ന്റെ നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്നവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതാണ്. കൂടാതെ, മറ്റ് തുറമുഖങ്ങളിലും ഇവർക്ക് തൊഴിൽ തേടാവുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിലന്വേഷകർക്ക് മുന്നിൽ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ